

# രക്ഷകനായ ദൈവം

2

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

## പാഠം 7

# അത്യുന്നതങ്ങളിൽ ദൈവത്തിന്





യൂദയായിലെ **ബേത്‌ലെഹം** എന്ന പട്ടണം.

മഞ്ഞുപെയ്യുന്ന ഒരു തണുത്ത രാത്രി.

ആ പ്രദേശത്തെ വയലുകളിൽ ആടുകളെ
കാത്തുകൊണ്ടിരുന്ന കുറെ **ആട്ടിടയർ**
ഉണ്ടായിരുന്നു.

ഒരു **ദൈവദൂതൻ** അവരുടെ
മുൻപിൽ പ്രത്യക്ഷപ്പെട്ടു.

അവർ ഭയന്നുപോയി.
ദൂതൻ അവരോടു പറഞ്ഞു.

ഒരു ദൈവദൂതൻ അവരുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു.



‘ഭയപ്പെടേണ്ട, ഇതാ, സകല
ജനത്തിനും വേണ്ടിയുള്ള വലിയ

**സന്തോഷത്തിന്റെ സദ്വാർത്ത**

ഞാൻ നിങ്ങളെ അറിയിക്കുന്നു.

ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ
കർത്താവായ മിശിഹാ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു.’

‘അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി!
ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം.

ആട്ടിടയൻമാർ സന്തോഷത്തോടെ
ബേത്‌ലെഹെമിലേയ്ക്ക് ഓടി.

അവർ കണ്ടത് എന്തെന്നോ?
ഒരു കാലിത്തൊഴുത്ത്, അതിലെ
പുൽത്തൊട്ടിയിൽ ഒരു
ഓമൽ ശിശു.

ആരാണ് ഈ ശിശു?
രക്ഷകനായ ഈശോ.

ഈശോയുടെ പിറവിത്തിരുന്നാളാണ്
നാം ക്രിസ്തുമസായി ആഘോഷിക്കുന്നത്.

**ഡിസംബർ 25**



രക്ഷകനായ ഈശോ ജനിച്ചതു

ബേത്‌ലെഹെമിലെ  കാലിത്തൊഴുത്തിലാണ്.



## നമുക്കു പാടാം

പാതിരാനേരത്തന്നാട്ടിടയർ
പാതിമയക്കത്തിലായിരുന്നു,
പാരിടം മഞ്ഞിൽക്കുളിച്ചുനിന്നു
പാരം നിശ്ശബ്ദത തിങ്ങിനിന്നു.

സ്വർഗീയ ഗീതം മുഴങ്ങി വാനിൽ
സ്വർഗീയ സൈന്യം അണിനിരന്നു.
സ്വർഗത്തെ മന്നിലിറക്കുവാനായ്
സ്വർഗത്തിൽ നാഥനവതരിച്ചു.





# നമുക്കുപ്രാർത്ഥിക്കാം

**കാലിത്തൊഴുത്തിൽ പിറന്ന**
**ഉണ്ണിയീശോയേ, എന്റെ ഹൃദയത്തിൽ**
**അങ്ങു പിറക്കണമേ...**

# നമുക്ക് അനുകരിക്കാം

**കീർത്തനങ്ങൾ പാടി ഉണ്ണിയീശോയെ സ്തുതിച്ചു മാലാഖമാരെപ്പോലെ നമുക്കും സുകൃതജപങ്ങൾ ചൊല്ലി ഉണ്ണിയീശോയെ സ്തുതിക്കാം**

# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* രക്ഷകനായ ഈശോ ജനിച്ചതു ബെത്‌ലെഹമിലെ കാലിത്തൊഴുത്തിലാണ്.

* ഈശോയുടെ പിറവിത്തിരുനാളാണു ഡിസംബർ 25–ാം തീയതി ക്രിസ്തുമസ്സായി ആഘോഷിക്കുന്നത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ



* ലോകരക്ഷകനായ ഈശോയെ
കാണണമെങ്കിൽ ആട്ടിടയരെപ്പോലെ
വിനീതരാകണം.

* കാലിത്തൊഴുത്തിൽ ജനിച്ച
ഈശോയെപ്പോലെ നാമും
ലളിത ജീവിതം നയിക്കണം.

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* പ്രാർത്ഥനകൾ, പാട്ടുകൾ, സുകൃതജപങ്ങൾ എന്നിവ വഴി ഈശോയെ സ്തുതിക്കുക.

* അനാഥരായ ശിശുക്കളെ സഹായിക്കുക–അവർക്കു വേണ്ടി പ്രാർത്ഥിക്കുക.

* ക്രിസ്തുമസ്സിനു മുൻപുള്ള 25 നോമ്പിൽ കൊച്ചു കൊച്ചുത്യാഗങ്ങൾ ചെയ്യുക.




THANK
YOU